പൊതുമേഖലാ സ്ഥാപനങ്ങളിലെ വർക്കർ കാറ്റഗറിയിലേക്കുള്ള സ്ഥിരം ഒഴിവുകൾ നികത്തുവാൻ നടപടി

76 [2213] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ വർക്കർ കാറ്റഗറിയിലേക്കുള്ള സ്ഥിരം ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 1992-ലെ സർക്കാർ ഉത്തരവിൽ എന്താണ് വ്യക്തമാക്കിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ വർക്കർ കാറ്റഗറിയിലേക്കുള്ള ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നുമുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ തിരഞ്ഞെടുക്കണമെന്ന വ്യവസ്ഥ ഏതെങ്കിലും സ്ഥാപനം ലംഘിച്ചിട്ടുണ്ടോ;

(ഡി) 1992-ലെ പ്രസ്തുത ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മാനേജ്മെന്റ് നേരിട്ട് നിയമനം നടത്തുവാൻ ശ്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28-2-1992-ലെ 14896/ബി.പി.ഇ.2/91/പ്ലാനിംഗ് സർക്കുലറിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജീരിയൽ/പ്രൊഫഷണൽ ഒഴികെയുള്ള പി. എസ്. സി. മുഖേന അല്ലാതെ നികത്തുന്ന എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്തണമെന്ന് നിർദ്ദേശമുണ്ട്. സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

(സി) ചില പൊതുമേഖലാ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി ആൻഡ് ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1992-ലെ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് മാനേജ്മെന്റ് പ്രസ്തുത സ്ഥാപനത്തിൽ വർക്കർ തസ്തികയിലേക്കും മറ്റും നേരിട്ട് നിയമനം നടത്തിയതായി പരാതിപ്പെട്ട് ഒരാൾ ബഹു. ലോകായുക്തയിൽ 1017/2004 നമ്പരായി ഒരു പരാതി നൽകിയിരുന്നു. ഇതേ ആവശ്യവുമായി മറ്റൊരു പരാതിയും (ഐ.എ 311/2004-സി നമ്പർ 1342/2004) ലോകായുക്തയിൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ലോകായുക്തയുടെ പ്രതികൂല വിധി 30-11-2004-ന് ഉണ്ടായതായി അറിയിച്ച് അതിനെതിരെ പരാതിക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 5532/2005 നമ്പരിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly